ഹദീസ്

നൗഷാദ് ചേനപ്പാടി

# ദൈവസ്മരണയുടെ വിശാല തലങ്ങൾ

قَالَ النَّبِى صَلّى الله عَلَيْه وَسَلّم : إِنَّمَا فُرِضَتْ الصَّلَاةُ وَأُمِرَ بِالحَجّ وَالطَّوَافِ وَأُشْعِرَتِ المنَاسِكُ لِإِقَامَة ذِكْرِ الله تَعَالى.

رواه أبو داود و الترمذي من حديث عائشة رضي الله عنه. قال الترمذي حديث حسن صحيح

**ആഇശ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: 'നിശ്ചയമായും നമസ്കാരം നിർബന്ധമാക്കപ്പെട്ടതും ഹജ്ജും ത്വവാഫും ചെയ്യാൻ കൽപിക്കപ്പെട്ടതും ഹജ്ജിന്റെ ചടങ്ങുകൾ ദീനിന്റെ ചിഹ്നങ്ങളാക്കപ്പെട്ടതും അല്ലാഹുവിനെപ്പറ്റിയുള്ള സ്മരണ നിലനിർത്താൻ വേണ്ടിയാണ്'**
**(ഇമാം അബൂദാവൂദും (റ) ഇമാം തിർമിദി(റ)യും തങ്ങളുടെ സുനനിൽ ഉദ്ധരിച്ച ഹദീസ്. ഈ ഹദീസ് ഹസനും സ്വഹീഹുമാണെന്ന് ഇമാം തിർമിദി പറഞ്ഞിരിക്കുന്നു).**

സൂറഃ *ത്വാഹാ* അധ്യായത്തിൽ പതിനാലാം സൂക്തത്തിൽ أَقِمِ الصلاة لِذكري (എന്നെ സ്മരിക്കാൻ വേണ്ടി നീ നമസ്കാരം നിലനിർത്തുക) എന്ന് അല്ലാഹു പറയുന്നു. മേൽ ഹദീസിൽ لإقامة ذكر الله എന്നാണ് പറയുന്നത്. അഥവാ മനുഷ്യന്റെ ബോധമണ്ഡലം എങ്ങോട്ടും ചായാതെയും ചെരിയാതെയും അല്ലാഹുവിന്റെ സ്മരണയെ നിലനിർത്തണമെന്ന്. നമസ്കാരം മുഴുവനും ഏതവസ്ഥയിലും അല്ലാഹുവിന്റെ സ്മരണ മാത്രമാണ്. നമസ്കാരത്തിൽ അല്ലാഹുവിന്റെ സ്മരണയെ തടയുന്ന ബാഹ്യമോ ആന്തരികമോ ആയ ഒരു തടസ്സവും ഉണ്ടായിക്കൂടാ. ഇത് അഞ്ചു നേരം നിർബന്ധമായും, രാത്രിയുടെ അന്ത്യയാമങ്ങളിലും ളുഹാ സമയത്തും ഐച്ഛികമായും നിർവഹിക്കപ്പെടണം. പള്ളിയിലേക്ക് പോകുന്നതും വുദൂ ചെയ്യുന്നതും ആ സ്മരണയുടെ ഭാഗമാണ്. എന്തിനധികം, ഒരാൾ പള്ളിയിൽ ജമാഅത്ത് നമസ്കാരം പ്രതീക്ഷിച്ചിരിക്കുമ്പോൾ പോലും നമസ്കാരത്തിലായിക്കൊണ്ടാണ് അവനിരിക്കുന്നതെന്ന് മറ്റൊരു ഹദീസിലും കാണാം. അങ്ങനെ ഒരു വിശ്വാസിക്ക് ദിവസം മുഴുവനും അല്ലാഹുവിന്റെ ദിക്റിലായി കഴിഞ്ഞുകൂടാൻ ഭാഗ്യം ലഭിക്കുന്നു.

സ്വർഗത്തിലെത്താൻ ഭാഗ്യം ലഭിച്ചവൻ ഏറ്റവും കൂടുതൽ ദുഃഖിക്കുക ഈ ദുൻയാവിൽ അല്ലാഹുവിന്റെ സ്മരണയില്ലാതെ കഴിഞ്ഞുകൂടിയ നിമിഷങ്ങളെപ്പറ്റി ഓർത്തായിരിക്കുമെന്ന് അത്ര പ്രബലമല്ലാത്ത ഒരു ഹദീസിൽ കാണാം.

ഹജ്ജും ത്വവാഫും കൽപിക്കപ്പെട്ടതും ഹജ്ജിന്റെ ചടങ്ങുകൾ ദീനിന്റെ ശആഇർ, അഥവാ ചിഹ്നങ്ങളാക്കിയതും അല്ലാഹുവിന്റെ ദിക്റിനെ നിലനിർത്താനാണെന്നും ഇവിടെ പറഞ്ഞിരിക്കുന്നു. ഹജ്ജിലല്ലാതെയും ഏതു സമയത്തും ത്വവാഫ് നിർവഹിക്കാമെന്നതിനാലാവണം ത്വവാഫിനെ നബി(സ) എടുത്തു പറഞ്ഞത്. ഹജ്ജിന്റെ യാത്രക്കൊരുങ്ങുന്നതിലും അതിന്റെ എല്ലാ സ്ഥലങ്ങളിലെയും ചടങ്ങുകളിലും തിരിച്ചുവരവിൽപോലും അല്ലാഹുവിനെ കുറിച്ച സ്മരണ അതിന്റെ പരമകാഷ്ഠയിൽ നിലനിർത്താൻ ഒരു വിശ്വാസിക്കു സാധിക്കുന്നുണ്ട്. ഈ രണ്ട് ഇബാദത്തുകൾ മാത്രമല്ല, നോമ്പും സകാത്തുമടക്കം എല്ലാ ഇബാദത്തുകളും അല്ലാഹുവിന്റെ സ്മരണ നിലനിർത്തുന്നതിനു വേണ്ടിയാണെന്നു കാണാം.

നോമ്പിൽ അത് നിലനിർത്തുന്നത് ആവശ്യങ്ങളുടെയും പതിവുകളുടെയും തടവുകാരനായ മനുഷ്യൻ അതൊക്കെ വേണ്ടെന്നുവെക്കുന്നതിലൂടെയാണ്. അവന്റെ നോട്ടവും സംസാരവും ഭക്ഷണവും പാനീയവും മറ്റ് ശാരീരികേഛകളും വേണ്ടെന്നുവെക്കുന്നതും നിയന്ത്രിക്കപ്പെടുന്നതും ഓരോ നിമിഷവുമുള്ള അല്ലാഹുവിനെ കുറിച്ച സ്മരണയാലാണ്. ആ ജാഗ്രത്തായ സ്മരണയുടെ ശക്തമായ സ്വാധീനഫലമാണത്. അതില്ലെങ്കിൽ നോമ്പ് എന്ന പവിത്രമായ ഇബാദത്ത് കുറേ വിശപ്പും ദാഹവും അനുഭവിക്കുക എന്ന കേവല ഭൗതിക നിലവാരത്തിലേക്ക് താണുപോകുമെന്ന് നിരവധി

ഹദീസുകൾ പഠിപ്പിക്കുന്നു. അല്ലാഹുവിന്റെ സ്മരണ നില നിർത്തുന്നത് മറ്റ് ഇബാദത്തുകളിൽ പലപ്പോഴും കർമങ്ങൾ ചെയ്തുകൊണ്ടാണ്. നോമ്പിൽ അത് അനിവാര്യമായ കാര്യങ്ങൾ ചെയ്യാതിരിക്കുന്നതിൽക്കൂടിയാണ്. ഒരു ഹദീസിൽ വന്ന അഞ്ചു നിർദേശങ്ങളിൽ ഒന്ന്, اتق المحارم تكن أعبد الناس എന്നാണ്. അതായത്, 'അല്ലാഹു ഹറാമാക്കിയതിനെ നീ സൂക്ഷിക്കുക; എന്നാൽ നീ ഏറ്റവും വലിയ ഇബാദത്തുകാരനാകും' എന്ന്. ഇബാദത്ത് ഏറ്റവും കൂടുതൽ അനുഷ്ഠിക്കുമ്പോഴാണല്ലോ ഒരാൾ ഏറ്റവും വലിയ ആബിദാകുന്നത്. എന്നാൽ ഹറാമുകളെ സൂക്ഷിച്ച് ജീവിക്കുമ്പോഴാണ് ഏറ്റവും വലിയ ആബിദാകുന്നതെന്നാണ് നബി(സ) ഇവിടെ പഠിപ്പിക്കുന്നത്. നോമ്പിലും അതുതന്നെയാണല്ലോ സംഭവിക്കുന്നത്.

നിർബന്ധമായ നോമ്പിനു പുറമെ ഐഛികമായ നോമ്പിന്റെ നിർവഹണം കൂടിയാകുമ്പോൾ മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ മലക്കുകളുടെ നിലവാരത്തിലേക്ക് ഉയരുമെന്നും പഠിപ്പിക്കപ്പെട്ടിരിക്കുന്നു. സകാത്തും അല്ലാഹുവിന്റെ സ്മരണയെ അതിന്റെ ഏറ്റവും ഉന്നതവും ശ്രേഷ്ഠവുമായ രൂപത്തിൽ നിലനിർത്തുന്ന ഇബാദത്താണ്. തന്നെ ദുൻയാവിലേക്കു പിടിച്ചുവലിച്ചുനിർത്തുന്ന, അതിലേക്കു ഭാരം തൂങ്ങിയിരിക്കാൻ സദാ പ്രേരിപ്പിക്കുന്ന കാന്തശക്തിയാണ് സമ്പത്ത്. അതിന്റെ ശക്തമായ പിടിത്തത്തിൽനിന്ന് മോചിതമായി അത് പുറത്തെടുത്ത് മറ്റുള്ളവർക്ക് കൊടുക്കുക എന്നത് ഒട്ടും നിസ്സാര കാര്യമല്ല. അതുകൊണ്ടാണല്ലോ നമസ്കാരത്തിൽക്കൂടി അല്ലാഹുവിന്റെ സ്മരണ നിലനിർത്തുന്ന മുസ്‌ലിം സകാത്തിന്റെ വിഷയത്തിൽ പലപ്പോഴും അനങ്ങാതെ ഇരിക്കുന്നത്. ഒരു വിശ്വാസിയുടെ മജ്ജയിലും ഹൃദയത്തിന്റെ അഗാധതയിലും അല്ലാഹുവിന്റെ സ്മരണ ആഴത്തിൽ വേരുപിടിക്കാത്ത കാലത്തോളം അവൻ സകാത്ത് കൊടുക്കുകയേയില്ല. അപ്പോൾ സകാത്തും സ്വദഖയുമാണ് അല്ലാഹുവിന്റെ സ്മരണയെ ഉത്കൃഷ്ടമായ രൂപത്തിൽ നിലനിർത്തുന്നത്. ഈ നിർബന്ധ ആരാധനകൾക്കു പുറമെയാണ് നിരവധി ദിക്റുകളും ദുആകളും ഖുർആൻ പാരായണവും സ്വലാത്തും അല്ലാഹുവിന്റെ സ്മരണയെ നിലനിർത്തുന്നതെന്നും ഓർക്കുക.

ഒരു സമൂഹത്തെ ഒന്നടങ്കം അല്ലാഹുവിന്റെ സ്മരണയിൽ നിലനിർത്താനും അതിൽനിന്ന് വ്യതിചലിപ്പിക്കുന്ന ഇബ്‌ലീസിന്റെ ശക്തികളെ പരാജയപ്പെടുത്താനും നടത്തുന്ന ജിഹാദും അല്ലാഹുവിന്റ സ്മരണയെ നിലനിർത്തുന്ന ഇബാദത്താണ്. അതിനൊരു സാമൂഹിക മാനം കൂടിയുള്ളതിനാൽ അത് ഏറെ ശ്രേഷ്ഠവുമാണ്. ഒരു മുസ്‌ലിം ജനിച്ചുവീണാൽ ആദ്യമായി കേൾക്കുന്നത് അല്ലാഹുവിന്റെ സ്മരണ ഉണർത്തുന്ന വാക്കുകളാണ്. പിന്നീട് ജീവിതം മുഴുവനും അല്ലാഹുവിന്റെ സ്മരണയിൽ. ഈ ദുൻയാവിൽനിന്നു വിട പറയുന്നതും അവന്റെ സ്മരണയിൽതന്നെ. അതിനാൽ അവന്റെ സ്മരണയിൽനിന്ന് വ്യതിചലിപ്പിക്കുന്ന ഇബ്‌ലീസിന്റെ എല്ലാ തന്ത്രങ്ങളെയും ഒരു വിശ്വാസി തിരിച്ചറിയണം. അവന്റെ മോഹവലയത്തിൽ പെട്ടുപോയാൽ പിന്നീട് ഒരു തിരിച്ചുവരവ് എളുപ്പമല്ല.. ●